# INDIAN SCHOOL DARSAIT
# DEPARTMENT OF MALAYALAM
## ( Worksheet-2)2nd Lang

Subject:**മലയാളം(അവധാരണം)** Date of Worksheet : _______

Resource Person: KalaSidharthan Date : ________________

Name of the Student :_______________ Class & Division : VI _ Roll Number : __

1. താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച്ചോദ്യങ്ങൾക്കുത്തരമെഴുതുക.

വെട്ടിവീഴ്ത്താനുള്ളതല്ല സ്തുതിച്ച് ആദരിക്കാനുള്ളവയാണ് മരങ്ങൾ. മഴയായും കുളിരായും പൂവായും തേനായും കനിയായും തണലായും തൊട്ടിലായും കട്ടിലായും മരം മനുഷ്യന്റെ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. വനം നശിപ്പിക്കുക എന്നത് ജീവിതത്തെ സ്വയം നശിപ്പിക്കുന്നതിനു തുല്യമാണെന്നു വ്യക്തമാക്കുകയാണ് കാടെവിടെ മക്കളേ എന്ന കവിതയിലൂടെ അയ്യപ്പപ്പണിക്കർ. കേരളത്തിന്റെ ഏതുകോണിലും പുകയുന്ന വ്യവസായശാലകൾ കാണാം. വനം നശിക്കുന്നു. വനത്തിൽ നിന്നു ലഭിക്കുന്നതും ഇല്ലാതാവുന്നു. വ്യവസായശാലയിൽ നിന്നു കിട്ടുന്നതുകൊണ്ടുമാത്രം കേരളത്തിലെ ജനങ്ങൾ പുലരുമോ? പ്രകൃതിയോടു ബന്ധമില്ലാതെ ഹൈടെക് – സന്തതികളായി ഇവിടുത്തെ മനുഷ്യർക്ക് എത്രനാൾ പുലരാൻ കഴിയും? ഈ ചോദ്യമുയർത്തുകയാണ് കവി. അദ്ദേഹം കേരളത്തിലെ ജനങ്ങളോട് ആദരപൂർവം ചോദിക്കുന്നു; കാടെവിടെ മക്കളേ....... ഈ ചോദ്യം ഓരോരുത്തരുടേയും ഹൃദയത്തിൽ തുളച്ചുകയറുന്നു. അവർക്കുത്തരമില്ല. എന്തുപറയണമെന്നറിയില്ല കാടിന്റെ അന്ത്യം മാനവന്റെ അന്ത്യമാണെന്നു കവിവ്യക്തമാക്കുന്നു.

1. മരങ്ങൾ എന്തിനുള്ളതാണെന്നാണ് കവിപറയുന്നത്?

   ..........................................................................................

   ..........................................................................................

2. മരം മനുഷ്യന്റെ ജീവിതത്തിൽ അവിഭാജ്യഘടകമാകുന്നതെങ്ങനെ?

.....................................................................................................

.....................................................................................................

.....................................................................................................

3. 'കാടെവിടെ മക്കളേ' എന്ന കവിതയിലൂടെ അയ്യപ്പപ്പണിക്കർ വ്യക്തമാക്കുന്നതെന്ത്?

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

4. ഓരോരുത്തരുടേയും ഹൃദയത്തിൽ തുളച്ചുകയറുന്ന ചോദ്യമെന്ത്?

.....................................................................................................

.....................................................................................................

.....................................................................................................

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

.....................................................................................................

.....................................................................................................